വരെയുള്ള കർമ്മ പദ്ധതിയിൽ താലൂക്കാസ്ഥാന ആശുപത്രിവരെ സൗജന്യ ഡയാലിസിസ് സംവിധാനം സജ്ജമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ട്, മിഷൻ 676 പ്ലാൻ ഫണ്ട്, എച്ച്.എം.സി., എൻ.ആർ.എച്ച്.എം., ആർ.ബി.എസ്.കെ. എന്നീ പദ്ധതികൾ മുഖേന ഡയാലിസിസ് സേവനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) പൂർണ്ണമായും അണുവിമുക്തമായതും എയർ കണ്ടീഷൻ സംവിധാനം ഉള്ളതുമായ മുറികളിലാണ് ഡയാലിസിസ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കേണ്ടത്. സ്ഥിരമായ കറന്റ് ലഭ്യത ആവശ്യമായതിനാൽ ജനറേറ്റർ/യു.പി.എസ്. സംവിധാനം അത്യാവശ്യമാണ്. സ്ഥിര ജലലഭ്യതയും ആർ. ഒ. പ്ലാൻ സംവിധാനവും അത്യാവശ്യമാണ്. ഡയാലിസിസ് നടക്കുമ്പോൾ ഉണ്ടാകുന്ന അത്യാഹിതങ്ങൾ പരിഹരിക്കുവാൻ ആവശ്യമായ ഐ.സി.യു. സംവിധാനവും ഓക്സിജൻ സപ്ലൈയും അത്യാവശ്യമാണ്. ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ ഡയാലിസിസ് ടെക്നീഷ്യൻമാരുടെയും മറ്റ് അനുബന്ധ ജീവനക്കാരുടെയും തസ്തിക സൃഷ്ടിക്കുകയും ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകുകയും ചെയ്യേണ്ടതുണ്ട്.

(ഡി) ഡയാലിസിസ് പ്രവർത്തിക്കുവാൻ വേണ്ടിയുള്ള പുതിയ തസ്തികകൾ സൃഷ്ടിക്കുവാനുള്ള ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) 5-2-2013-ലെ 114/13 നികുതി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കാരുണ്യാ ബെനവലന്റ് ഫണ്ടിൽ നിന്നുമാണ് തുക വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

സൗജന്യ ഡയാലിസിസും സ്റ്റാനിംഗും

17 (8077) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സർക്കാർ ആശുപത്രികളിലെ ലാബുകളിൽ ഡയാലിസിസ്, സ്റ്റാനിംഗ് എന്നിവയ്ക്ക് സൗജന്യ സേവനം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപംകൊടുക്കുന്നകാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കുന്നതിന് ആശുപത്രികളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് സജ്ജീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി 601 മുതൽ 676 ദിവസംവരെയുള്ള കർമ്മപദ്ധതിയിൽ താലൂക്കാസ്ഥാന ആശുപത്രി വരെ സൗജന്യ ഡയാലിസിസ് സംവിധാനം സജ്ജമാക്കുവാനും 501 മുതൽ 600 വരെയുള്ള കർമ്മപദ്ധതിയിൽ സർക്കാർ ആശുപത്രികളിൽ സൗജന്യ സ്റ്റാനിംഗ് സംവിധാനം ലഭ്യമാക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ, കാരുണ്യാ ബെനവലന്റ് ഫണ്ട്, മിഷൻ 676, RBSK, പ്ലാൻ ഫണ്ട്, NRHM, പഞ്ചായത്ത് മുഖേനയുള്ള പദ്ധതികൾ എന്നിവ പ്രകാരം പരിഗണിക്കുന്നതാണ്.

(സി) പൂർണ്ണമായും അണുവിമുക്തമായതും എയർ കണ്ടീഷൻ സംവിധാനം ഉള്ളതുമായ മുറികളിലാണ് ഡയാലിസിസ് യൂണിറ്റ് പ്രവർത്തന സജ്ജമാകേണ്ടത്. സ്ഥിരമായ വൈദ്യുതി ലഭ്യത ആവശ്യമായതിനാൽ ജനറേറ്റർ/യു.പി.എസ്. സംവിധാനം അത്യാവശ്യമാണ്. സ്ഥിരജലലഭ്യതയും ആർ.ഒ. പ്ലാന്റ് സംവിധാനവും അത്യാവശ്യമാണ്. ഡയാലിസിസ് നടക്കുമ്പോൾ ഉണ്ടാകുന്ന അത്യാഹിതങ്ങൾ പരിഹരിക്കുവാൻ ആവശ്യമായ ഐ.സി.യു. സംവിധാനവും ഓക്സിജൻ സപ്ലൈയും അത്യാവശ്യമാണ്. ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ ഡയാലിസിസ് ടെക്നീഷ്യൻമാരുടെയും മറ്റും അനുബന്ധ തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. അതോടൊപ്പം ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും അത്യാവശ്യമായ പരിശീലനം നൽകേണ്ടതുമുണ്ട്.

(ഡി) നികുതി വകുപ്പിന്റെ 5-2-2013-ലെ (ആർറ്റി.) നമ്പർ 114/13/നികുതി നമ്പർ ഉത്തരവ് പ്രകാരം കാരുണ്യാ ബെനവലന്റ് ഫണ്ട് ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റ് തുടങ്ങുവാനുള്ള അനുമതി നൽകിയിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly